# വ്യവസായ കേരളം

55

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 DECEMBER 2023


ഏവർക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ
ക്രിസ്തുമസ് ആശംസകൾ...

MERRY CHRISTMAS

# കുതിപ്പിന് കരുത്തേകാൻ

## വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി കൈമാറ്റം ലളിതമാകും

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിനും കൈമാറ്റം ലളിതമാക്കുന്നതിനുമുള്ള പുതിയ ചട്ടങ്ങൾക്ക് മന്ത്രിസഭാ യോഗം അംഗീകാരം നൽകി. വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറ്റം നടത്തുന്നതിനും നിശ്ചയിച്ച വ്യവസായ സംരംഭങ്ങൾക്ക് പകരം മറ്റ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉണ്ടായിരുന്ന തടസങ്ങൾ പരിഹരിച്ച് നടപടികൾ ലളിതമാക്കുന്നതാണ് പുതിയ ചട്ടങ്ങൾ.

1964 ലെ സർക്കാർ വിജ്ഞാപന പ്രകാരമാണു വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിക്കു പട്ടയം നൽകിയിരുന്നത്. 1969, 1970 വർഷങ്ങളിലും ഹയർ പർച്ചേസ് വ്യവസ്ഥയിൽ ഭൂമി അനുവദിക്കുന്നതിനു വ്യവസായ വകുപ്പ് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതിനു ഭൂമി പതിവു നിയമത്തിന്റെ പിൻബലമുണ്ടായിരുന്നില്ല. പട്ടയം അനുവദിക്കുന്നതിനുള്ള അപേക്ഷ വ്യവസായ വാണിജ്യ ഡയറക്ടർ വഴി റവന്യു വകുപ്പിനു സമർപ്പിക്കുന്നതായിരുന്നു നടപടി. ഇത്തരത്തിൽ റവന്യു വകുപ്പ് പട്ടയം നൽകുന്നതിനു താമസം നേരിട്ടിരുന്നു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ നേരിട്ടു കലക്ടർക്കു സമർപ്പിക്കുന്ന അപേക്ഷ പരിഗണിച്ച് തഹസിൽദാർ പട്ടയം അനുവദിക്കുന്ന രീതിയിൽ 2020ൽ മറ്റൊരു ഉത്തരവിലുടെ ഈ പ്രക്രിയ ലളിതമാക്കി എന്നാൽ നിയമ പിൻബലമില്ലാത്തതിനാൽ പട്ടയം അനുവദിക്കുന്നതിൽ കലക്ടർമാർക്കു പരിമിതിയുണ്ടായി. ഈ സാഹചര്യത്തിലാണ് 1960ലെ ഭൂമി പതിവു നിയമത്തിന്റെ പിൻബലമുള്ള പുതിയ ഭൂചട്ടം തയാറാക്കിയത്.

സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായ പാർക്കുകളിൽ വ്യവസായം നടത്തുന്ന സംരംഭകർക്ക് ആശ്വാസമേകുന്നതാണ് ചട്ട പരിഷ്കരണം. വ്യാവസായ മേഖലയിലെ കാലാനുസൃത മാറ്റങ്ങൾക്കൊപ്പം കേരളവും മാറാൻ ചട്ട പരിഷ്കരണം സഹായിക്കും.



| പഴയ ചട്ടം | പുതിയ ചട്ടം |
|---|---|
| നിലവിൽ ഭൂമി കൈമാറുന്നതിന് ഭൂമി വാങ്ങുന്ന വ്യക്തി ഭൂവിലയുടെ വ്യത്യാസവും പ്രോസസിംഗ് ഫീസും അടയ്ക്കണം. | ഭൂമി കൈമാറ്റം ചെയ്യുമ്പോൾ വിലയിലെ വ്യത്യാസം അടക്കേണ്ടതില്ല. |
| ഉത്പാദനം ആരംഭിച്ച് മൂന്നു വർഷം കഴിഞ്ഞാൽ മാത്രമേ ഭൂമി കൈമാറ്റം ചെയ്യാനാകൂ. | അലോട്ട്മെന്റ് ലഭിച്ചു മൂന്നുവർഷം കഴിഞ്ഞാൽ ഭൂമി കൈമാറാം. |
| ഉത്പാദനം ആരംഭിച്ച് മൂന്നു വർഷം കഴിഞ്ഞാൽ മാത്രമേ ഘടനാ മാറ്റം അനുവദിക്കൂ. | അലോട്ട്മെന്റ് ലഭിച്ച് മൂന്നു വർഷം കഴിഞ്ഞാൽ ഘടനാ മാറ്റം നടത്താം. |
| പട്ടയത്തിന്റെ മാതൃകയിൽ (ഫോം ഡി ഏഴ്) വ്യവസായ സംരംഭത്തിന്റെ സ്വഭാവം ഏതെന്നു വ്യക്തമായി പറയുന്നുണ്ട്. | പട്ടയത്തിൽ വ്യവസായ പ്രവർത്തനം എന്ന് മാത്രമെ രേഖപ്പെടുത്തുകയുള്ളു. അതിനാൽ സംരംഭത്തിന്റെ സ്വഭാവം മാറിയാലും പട്ടയത്തിൽ മാറ്റം വരുത്തേണ്ടതില്ല. |



# വൈവിധ്യങ്ങളുടെ വിസ്മയമൊരുക്കാൻ
# ബാംബൂ ഫെസ്റ്റ് ഒരുങ്ങുന്നു

KERALA BAMBOO FEST 20th EDITION

കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന 20-ാമത് കേരള ബാംബൂ ഫെസ്റ്റ് എറണാകുളം, കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്തിൽ 2024 ജനുവരി 12 വെള്ളിയാഴ്ച ആരംഭിക്കും. ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഫെസ്റ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കും. 2024 ജനുവരി 12 മുതൽ 17 വരെ ആറ് ദിവസങ്ങളിലായാണ് മുള മേഖലയുമായി ബന്ധപ്പെട്ട കരകൗശല വിദഗ്ധരുടെ കഴിവുകൾ പ്രകടമാക്കുന്ന ബാംബൂ ഫെസ്റ്റിന് അരങ്ങുണരുന്നത്.

മുൻ വർഷം 180 സ്റ്റാളുകളിലായി കേരളത്തിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമായി 300 ഓളം കരകൗശല പ്രവർത്തകരും മുള അനുബന്ധ സ്ഥാപനങ്ങളും ബാംബൂ ഫെസ്റ്റിൽ പങ്കെടുത്തിരുന്നു. ഇത്തവണ കൂടുതൽ കലാകാരന്മാരെ പങ്കെടുപ്പിച്ചു കൊണ്ട് സ്റ്റാളുകളുടെ എണ്ണം കൂട്ടുന്നതിനാണ് സംസ്ഥാന ബാംബൂ മിഷൻ ലക്ഷ്യമിടുന്നത്. ഇതിനായി

**20-ാമത്
കേരള ബാംബൂ ഫെസ്റ്റിന്
2024 ജനുവരി 12 ന്
അരങ്ങുണരും**

മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി മുളയും അനുബന്ധ ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട മേഖലയിലെ കരകൗശല വിദഗ്ധർക്ക് ബാംബൂ ഫെസ്റ്റിൽ പങ്കെടുക്കുന്നതിനായി ഓൺലൈൻ അപേക്ഷ സംവിധാനവും ഒരുക്കിയിട്ടുണ്ട്.

പ്രകൃതിയോട് ഇഴകി ചേർന്ന് നിന്ന് കൊണ്ട് മുള കൊണ്ടുള്ള ഫർണിച്ചറുകൾ, ആഭരണങ്ങൾ, അലങ്കാര വസ്തുക്കൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവയുടെ എല്ലാം വിപണന സാധ്യതകൾ കേരളത്തിനു മുന്നിൽ തുറന്നിടുന്ന വേദിയാണ് ബാംബൂ ഫെസ്റ്റ്. 2004 ൽ ആണ് ആദ്യമായി കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചത്. അന്ന് മുതൽ തന്നെ വൈവിധ്യമായ മുള ഉത്പന്നങ്ങളുടെ പ്രദർശന വിപണന മേള സന്ദർശകരുടെ പങ്കാളിത്തത്താലും സംഘാടക മികവിനാലും എന്നും വൻ വിജയമായിരുന്നു.

കേരള സംസ്ഥാന ബാംബൂ മിഷൻ മുഖേന സംഘടിപ്പിച്ച ഡിസൈൻ വർക്ക്ഷോപ്പിലും, പരിശീലന പരിപാടികളിലും രൂപകൽപ്പന ചെയ്ത പുതുമയുള്ളയും വ്യത്യസ്ഥവുമായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനായി പ്രത്യേക ബാംബൂ ഗാലറിയും മേളയോടനുബന്ധമായി സജ്ജമാക്കുന്നുണ്ട്. ഫെസ്റ്റ് ദിവസങ്ങളിൽ വൈകുന്നേരം മുള വാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള കലാ സാംസ്കാരിക പരിപാടികളും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ മുളയരി, മുളകൂമ്പ് എന്നിവയിൽ നിർമ്മിച്ച വിവിധ ഭക്ഷ്യ ഉത്പന്നങ്ങളുടെ സ്റ്റാളുകളും മുള നഴ്സറികളും കുടുംബശ്രീയുടെ ഫുഡ് സ്റ്റാളും പ്രവർത്തിക്കും.

## പിഎംഎഫ്എംഇ പദ്ധതി
# പുതിയ ഉയരങ്ങൾ കീഴടക്കി
## ഭക്ഷ്യസംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന 2005 യൂണിറ്റുകൾക്ക് സബ്സിഡി അനുവദിച്ചു

ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് മുതൽമുടക്കിന്റെ 35 ശതമാനം വരെ സബ്സിഡിയോടു കൂടിയ സംരംഭക മൂലധന വായ്പാ പിന്തുണ ലഭ്യമാക്കുന്ന പ്രധാൻമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (പിഎംഎഫ്എംഇ) പദ്ധതിയിൽ പുതിയ ഉയരങ്ങൾ താണ്ടി കേരളം. പദ്ധതി പ്രകാരം കേരളത്തിലെ ഭക്ഷ്യസംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന 2005 യൂണിറ്റുകൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം 809 യൂണിറ്റുകൾക്ക് 21.02 കോടി രൂപ ഇതിനകം സബ്സിഡിയായി നൽകുകയുമുണ്ടായി. 2021 ൽ പദ്ധതി പ്രാബല്യത്തിൽ വന്നതിനു ശേഷം അത്ഭുതാവഹമായ കുതിപ്പാണ് കേരളം നടത്തുന്നത്. കൃത്യമായ ആസൂത്രണത്തോടും മികവാർന്ന നേതൃനിരയോടും പ്രവർത്തിച്ചതിലൂടെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 1172 ഭക്ഷ്യ സംസ്കരണ സംരംഭങ്ങളാണ് കേരളത്തിൽ പദ്ധതിയുടെ ഗുണഭോക്താക്കളായത്.

മുൻ വർഷങ്ങളിൽ പി.എം. എഫ്.എം.ഇ. പദ്ധതിയുടെ സീഡ് ക്യാപിറ്റൽ ധനസഹായ വിതരണത്തിൽ ദേശീയ തലത്തിൽ കേരളം ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്നു. കേരളത്തിൽ നിന്ന് സമർപ്പിച്ച 925 ആപ്ലിക്കേഷനുകളാണ് സീഡ് ക്യാപിറ്റൽ ധനസഹായ വിതരണത്തിൽ അർഹരായത്. 96.90% ആണ് കേരളത്തിന്റെ പ്രകടന നിലവാരം.

**കൃത്യമായ ആസൂത്രണത്തോടും
മികവാർന്ന നേതൃനിരയോടും
പ്രവർത്തിച്ചതിലൂടെ കഴിഞ്ഞ
ഒരു വർഷത്തിനുള്ളിൽ 1172
ഭക്ഷ്യ സംസ്കരണ സംരംഭങ്ങളാണ്
കേരളത്തിൽ പദ്ധതിയുടെ
ഗുണഭോക്താക്കളായത്.**

പൊതുജനങ്ങളിൽ പി.എം.എഫ്.എം.ഇ. പദ്ധതിയുടെ അവബോധം വളർത്തുന്നതിനും സേവന സഹായങ്ങൾ ലഭ്യമാക്കുന്നതിനുമായി നിരവധി പരിപാടികളാണ് പി.എം.എഫ്.എം.ഇ. സ്റ്റേറ്റ് നോഡൽ ഡിപ്പാർട്ട്മെന്റിന്റെ (വ്യവസായ വാണിജ്യ വകുപ്പ്) ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നത്.

പ്രാദേശിക തലത്തിൽ കാർഷിക-ഭക്ഷ്യ സംസ്കരണവുമായി മുന്നോട്ട് പോകുന്ന ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്പിഒകൾ), ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ (എഫ്പിസികൾ), സ്വയം സഹായ സംഘങ്ങൾ (എസ്എച്ച്ജികൾ), സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് 35% പരമാവധി 3 കോടി രൂപ വരെ മൂലധന സബ്സിഡി ലഭ്യമാകുന്നതാണ്. കേരളത്തിൽ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പാണ് പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റായി പ്രവർത്തിക്കുന്നത്. വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിഐപി) ആണ് പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി. പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഗുണഭോക്താക്കൾക്ക് പിന്തുണ നൽകുന്നതിനുമായി 14 ജില്ലാ നോഡൽ ഓഫീസർമാരെയും 204 ജില്ലാ റിസോഴ്സ് പേഴ്സൺസിനെയും (ഡിആർപി) നിയമിച്ചിട്ടുണ്ട്.

### ഒരു സംരംഭകൻ പിറന്ന കഥ 05




പ്രധാൻമന്ത്രിയുടെ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി, പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിൽ അത്തിപ്പൊറ്റയിൽ, വ്യവസായ വകുപ്പിന്റെയും കാനറാ ബാങ്ക്, പഴമ്പലാക്കോട് ശാഖയുടെയും സഹകരണത്തോടെ വനിതാ സംരംഭക ശ്രീമതി ധന്യയുടെ നേതൃത്വത്തിൽ കലർപ്പില്ലാത്ത, ശുദ്ധവും സുരക്ഷിതവുമായ ഭക്ഷണ സ്ഥാപനം Dhanya Food's 2023 നവംബർ 18 ന് പ്രവർത്തനമാരംഭിച്ചു. മിക്സ്ചർ, പക്കാവട, പലതരം മുറുക്കുകൾ, റസ്ക്, കേക്ക് തുടങ്ങി വിവിധ ഭക്ഷണ കൂട്ടുകളാണ് നിലവാരമനുസരിച്ചുള്ള കൃത്യമായ ഗുണമേന്മ നിഷ്കർഷങ്ങളോടെ ഈ സംരംഭം മാർക്കറ്റിൽ എത്തിക്കുന്നത്.


Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.